

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ



## 17. സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


17 സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം 1

1 ഇന്ത്യയുടെ സ്ഥിതിയെന്താണ്? . . . 2

2 ഇന്ത്യയുടെ പിന്നോക്കനില . . . . . 3

3 പഞ്ചവത്സരപദ്ധതിയുടെ പ്രാധാന്യം . 4

4 സോഷ്യലിസമല്ല സ്റ്റേറ്റ് മുതലാളിത്തം 5

5 ഇന്ത്യൻമുതലാളിത്തത്തിന്റെ പുരോഗമന സ്വഭാവവും പിന്തിരിപ്പൻ സ്വഭാവവും . . . 6

6 ദ്വിമുഖപരിപാടി . . . . . . . . . . . 7

7 ഇരുമ്പു ചട്ടക്കൂട് . . . . . . . . . . . 8

8 ഭരണയന്ത്രത്തെ ജനാധിപത്യവൽക്കരിയ്ക്കുക

9 ബൂർഷ്വാഭരണകൂടത്തിൽനിന്ന് സോഷ്യലിസ്റ്റ് ഭരണകൂടത്തിലേയ്ക്ക് . . . . . . . . . 10

10 ഇന്ത്യയുടെ അടിയന്തിര കടമ . . . . 11

# 17

# സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം

ഏതെങ്കിലും മഹാന്മാരുടേയോ ഏതെങ്കിലും പാർട്ടികളുടേയോ ഇഷ്ടമനുസരിച്ച് എപ്പോൾ വേണമെങ്കിലും സമുദായത്തെ മാറ്റിമറിയ്ക്കാനോ ഇഷ്ടമുള്ള വിധത്തിൽ സോഷ്യലിസം കെട്ടിപ്പടുക്കാനോ സാധിയ്ക്കുകയില്ല. സാമൂഹ്യവളർച്ചയുടെ ഒരു സവിശേഷഘട്ടത്തിൽ സമുദായത്തിന്റെ പുരോഗതിയ്ക്ക് സോഷ്യലിസം ഒഴിച്ചുകൂടാൻ വയ്യാതാവുകയും ഭൂരിപക്ഷം ജനങ്ങളും സോഷ്യലിസത്തിനുവേണ്ടി അണിനിരക്കുകയും ചെയ്യുമ്പോൾ മാത്രമേ സോഷ്യലിസം അനിവാര്യമായിത്തീരുകയുള്ളൂ.

# 1 ഇന്ത്യയുടെ സ്ഥിതിയെന്താണ്?

1947-ൽ ഇന്ത്യ ഒരു സ്വതന്ത്രരാജ്യമായിത്തീർന്നു; 1950-ൽ പരമാധികാരമുള്ള ഒരു റിപ്പബ്ളിക്കായി പ്രഖ്യാപിയ്ക്കപ്പെട്ടു. ഇന്ത്യയുടെ ഭാവി നിർണ്ണയിക്കാൻ ഇന്ത്യയിലെ ജനങ്ങൾക്കു മാത്രമാണധികാരം എന്ന് അസന്ദിഗ്ദ്ധമായി അംഗീകരിയ്ക്കപ്പെട്ടു. അതോടെ സോഷ്യലിസത്തിന്റെ മാർഗ്ഗത്തിലുള്ള ഏറ്റവും വലിയൊരു പ്രതിബന്ധം തട്ടിത്തകർക്കപ്പെട്ടു.

## 2 ഇന്ത്യയുടെ പിന്നോക്കനില

രാഷ്ട്രീയസ്വാതന്ത്ര്യം നേടിക്കഴിഞ്ഞുവെങ്കിലും നമ്മുടെ രാജ്യം സാമ്പത്തികമായും വ്യാവസായികമായും വളരെ പിന്നോക്കനിലയിലുള്ള ഒരാശ്രിതരാജ്യമാണ്. ഒന്നര നൂറ്റാണ്ടുകാലത്തെ ബ്രിട്ടീഷ്മേധാവിത്വം ഇന്ത്യയുടെ വ്യവസായവൽക്കരണത്തെ ബലാൽക്കാരമായി തടഞ്ഞു നിർത്തുകയാണ് ചെയ്തത്. ഇന്ത്യ സ്വതന്ത്രയായ തിനുശേഷവും നമ്മുടെ സാമ്പത്തികവ്യവസ്ഥയിലെ മർമ്മസ്ഥാനങ്ങളിലെല്ലാം ബ്രിട്ടീഷ്മൂലധനത്തിന്റെ മരണപ്പിടുത്തം നിലനില്ക്കുന്നു. നമ്മുടെ കൽക്കരിഖനികൾ അഭ്രനിക്ഷേപങ്ങൾ, ചണവ്യവസായം, തോട്ടങ്ങൾ, വൻകിട ബേങ്കുകൾ, വിദേശവ്യാപാരം മുതലായവയെല്ലാം ഇന്നും ബ്രിട്ടിഷ്മൂലധനത്തിന്റെ പിടിയിലാണ്. സ്വാതന്ത്ര്യസമ്പാദനത്തിന് ശേഷം വിദേശമൂലധനവുമായി പലതരത്തിലും ബന്ധപ്പെട്ട വൻകിട കുത്തകമുതലാളികളുടെ ചൂഷണം കൂടുതൽ മൂർച്ഛിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. നമ്മുടെ കൃഷി ഇപ്പോഴും പ്രാകൃതാവസ്ഥയിലാണ്. നാടുവാഴി-ജന്മിമേധാവികളുടെ ചൂഷണം ഇന്നും നടമാടുന്നു. ഭൂമിയുടെ 37 ശതമാനവും നാട്ടിൻപുറത്തെ കുടുംബങ്ങളുടെ മൂന്നു ശതമാനത്തിന്റെ മാത്രം കൈയിലാണ്. 75 ശതമാനം കുടുംബങ്ങളുടെ കൈയിലുള്ള ഭൂമി 16 ശതമാനത്തോളം മാത്രമാണ്. വിദേശമൂലധനത്തിന്റെയും നാടൻ കുത്തകമുതലാളികളുടേയും നാടുവാഴിമേധാവികളുടേയും നെറികെട്ട ചൂഷണങ്ങളുടെ ഫലമായി ഇന്ത്യയുടെ സാമ്പത്തികവ്യവസ്ഥ വളരെയധികം അധഃപതിച്ചിരിയ്ക്കുന്നു; ഭൂരിപക്ഷക്കാരായ ജനങ്ങളുടെ ജീവിതനിലവാരം വളരെയധികം തകർന്നിരിയ്ക്കുന്നു.

ഈ സ്ഥിതിയിൽ മൗലികമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് വിദേശമൂലധനത്തിൻറേയും നാടുവാഴിമേധാവിത്വത്തിൻറേയും പിടിയിൽനിന്ന് സ്വതന്ത്രവും സുശക്തവുമായ ഒരു സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാതെ സോഷ്യലിസത്തിലേയ്ക്കു മുന്നേറാൻ കഴിയില്ല. അതുകൊണ്ട് ഇന്നത്തെ അടിയന്തിരകടമ ദേശീയ പുനർനിർമ്മാണത്തിലൂടെ സ്വതന്ത്രമായ ഒരു സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കുക എന്നതാണ്; എന്നുവെച്ചാൽ, സോഷ്യലിസത്തിലേയ്ക്കു മുന്നേറാനാവശ്യമായ സാമൂഹ്യസാമ്പത്തികസാഹചര്യങ്ങൾ സൃഷ്ടിയ്ക്കുക എന്നതാണ്.

സമാധാനപരമായ ഒരന്തരീക്ഷത്തിൽ മാത്രമേ പ്രകൃതിവിഭവങ്ങളെ മനുഷ്യന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിയ്ക്കാനും വിവിധരാജ്യങ്ങൾ തമ്മിലുള്ള വൈയവസായികബന്ധങ്ങൾ ശക്തിപ്പെടുത്താനും കഴിയൂ. മറ്റൊരുവിധം പറഞ്ഞാൽ, ദേശീയപുനർനിർമ്മാണത്തിന്റെ വിജയത്തിന് സമാധാനപരമായ സാർവ്വദേശീയബന്ധങ്ങൾ അത്യാവശ്യമാണ്. അതുകൊണ്ടാണ് സ്വതന്ത്രമായ ഒരു സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനാഗ്രഹിക്കുന്ന ഇന്ത്യ സമാധാനപരമായ ഒരു വിദേശനയം കൈക്കൊണ്ടിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതിയ്ക്കുവേണ്ടി നിലകൊള്ളുന്ന ഭൂരിപക്ഷക്കാരായ ജനങ്ങൾ ഇന്ത്യാഗവൺമെൻറിന്റെ സ്വതന്ത്രമായ വിദേശനയത്തെ സർവ്വാത്മനാ അനുകൂലിയ്ക്കുന്നത്.

## 3 പഞ്ചവത്സരപദ്ധതിയുടെ പ്രാധാന്യം

ആവടിസമ്മേളനം പാസ്സാക്കിയ പ്രമേയത്തെസ്സംബന്ധിച്ച് കോൺഗ്രസ്സിന്നകത്തും പുറത്തും ആശയപരമായ പല അഭിപ്രായവ്യത്യാസങ്ങളുമുണ്ടെന്നുള്ളതു ശരിയാണ്. പക്ഷേ, രാജ്യത്തിന്റെ വ്യവസായവൽക്കരണത്തെ ത്വരിതപ്പെടുത്താനും അടിസ്ഥാനപരമായ വൻകിടവ്യവസായങ്ങൾ-യന്ത്രങ്ങൾ തുടങ്ങിയ ഉൽപ്പാദനോപകരണങ്ങൾ നിർമ്മിയ്ക്കുന്ന വ്യവസായങ്ങൾ—സ്ഥാപിയ്ക്കാനും കോൺഗ്രസ്സനേതൃത്വവും ഇന്ത്യാഗവൺമെൻറും തയ്യാറായിരിക്കുന്നുവെന്നതിന്റെ പ്രതിഫലനമായിരുന്നു അത്. ഈ ഉദ്ദേശം തന്നെയാണ് "പൊതുമേഖലയുടെ പ്രാധാന്യവും പരിധിയും വർദ്ധിപ്പിച്ചുകൊണ്ട് ദേശീയസാമ്പത്തികവ്യവസ്ഥയെ അതിവേഗം വളർത്തുകയും അങ്ങിനെ സോഷ്യലിസ്റ്റ് രൂപത്തിലുള്ള ഒരു സാമൂഹ്യവ്യവസ്ഥയിലേയ്ക്ക് മുന്നേറുകയും ചെയ്യുക" എന്ന പ്രഖ്യാപിതലക്ഷ്യത്തോടുകൂടിയാരംഭിച്ച രണ്ടാം പഞ്ചവത്സരപദ്ധതിയിലും പ്രതിഫലിച്ചിട്ടുള്ളത്.

ഇന്ത്യയുടെ പഞ്ചവത്സരപദ്ധതി ഒരു സോഷ്യലിസ്റ്റ് പദ്ധതിയല്ല; മുതലാളിത്തമവസാനിപ്പിയ്ക്കാനോ സോഷ്യലിസം കെട്ടിപ്പടുക്കാനോ അതുദ്ദേശിയ്ക്കുന്നില്ല. എങ്കിലും അതു പുരോഗമനപരമാണ്; രാജ്യത്തിന്റെ താല്പര്യങ്ങൾക്കനുകൂലമാണ്. കാരണം, അത് ഇന്ത്യയുടെ സാമ്പത്തികസ്വാതന്ത്ര്യത്തിന്റെ അടിത്തറയുറപ്പിയ്ക്കാനാവശ്യമായ ഘനവ്യവസായങ്ങൾ സ്ഥാപിയ്ക്കുവാനും അങ്ങിനെ സാമ്രാജ്യമേധാവികളുടെ പിടിയിൽനിന്നു സ്വതന്ത്രമായ ഒരു സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനും സഹായിയ്ക്കുന്നു. പ്രൊഫസ്സർ മഹലനോബിസ്സിന്റെ കരടുരേഖയിൽ ചൂണ്ടിക്കാണിയ്ക്കുന്നതുപോലെ.

> "അവസാനവിശകലനത്തിൽ വ്യവസായവൽക്കരണത്തിന്റെ തോതും ദേശീയ സാമ്പത്തികവ്യവസ്ഥയുടെ വളർച്ചയും കൽക്കരി, വിദ്യുച്ഛക്തി, ഇരുമ്പും ഉരുക്കും, വൻകിടയന്ത്രങ്ങൾ, കെമിക്കൽ സാമഗ്രികൾ എന്നിവയുടേയും പൊതുവിൽ ഘനവ്യവസായങ്ങലുടെയാകേയും വർദ്ധിച്ചുവരുന്ന ഉൽപ്പാദനത്തെ ആശ്രയിച്ചിരിയ്ക്കും. ഇവ മൂലധനരൂപവൽക്കരണത്തിന്റെ കഴിവിനെ വർദ്ധിപ്പിയ്ക്കുന്നതാണ്. കഴിയുന്നേടത്തോളം വേഗത്തിൽ ഉൽപ്പാദനോപകരണങ്ങളുടെ ഇറക്കുമതിയിൽനിന്ന് ഇന്ത്യയെ സ്വതന്ത്രയാക്കുക എന്നതാണ് ഒരു പ്രധാനമായ ഉദ്ദേശം. അങ്ങനെയായാൽ മറ്റു രാജ്യങ്ങളിൽനിന്ന് അത്യാവശ്യമായ ഉൽപ്പാദനോപകരണച്ചരക്കുകൾ കിട്ടാനുള്ള വിഷമതകൾ മൂലധന രൂപവൽക്കരണത്തെ തടഞ്ഞുനിർത്തുകയില്ല. അതുകൊണ്ട് കഴിയുന്നേടത്തോളം വേഗത്തിൽ ഘനവ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തണം."

അടിസ്ഥാനപരമായ ഘനവ്യവസായങ്ങളെ വളർത്തണമെന്നുമാത്രമല്ല, അവയെ കഴിയുന്നതും പൊതുമേഖലയിലുൾപ്പെടുത്തണമെന്നും തീരുമാനിയ്ക്കപ്പെട്ടിട്ടുണ്ട്. കരടുശിപാർശികൾ ഊന്നിപ്പറയുന്നു:

> "സോഷ്യലിസ്റ്റ് രൂപത്തിലുള്ള ഒരു സാമ്പത്തികവ്യവസ്ഥയിലേയ്ക്ക് മുന്നേറുന്നതിനുവേണ്ടി പൊതുമേഖലയെ ത്വരിതമായും സ്വകാര്യമേഖലയേക്കാൾ വേഗത്തിലും വികസിപ്പിയ്ക്കണം. നിക്ഷേപത്തിനും ദേശീയവികസനത്തിനും പദ്ധതിയുടെ പ്രവർത്തനത്തെ സുഗമമാക്കുന്നതിനു ധാരാളം മൂലധനവിഭവങ്ങൾ ലഭിയ്ക്കുന്നതിനുംവേണ്ടി ബാങ്കിങ്ങ്, ഇൻഷ്വറൻസ്, വിദേശവ്യാപാരം, ചില പ്രത്യേകചരക്കുകളുടെ അഭ്യന്തരവ്യാപാരം എന്നീ കാര്യങ്ങളിലേർപ്പെടാൻ ഗവൺമെൻറു തയ്യാറാവണം."

## 4 സോഷ്യലിസമല്ല സ്റ്റേറ്റ് മുതലാളിത്തം

പൊതുമേഖലയിൽ, അല്ലെങ്കിൽ ഗവൺമെൻറുടമയിൽ, ചില വൻകിടവ്യവസായങ്ങൾ സ്ഥാപിയ്ക്കലാണ് സോഷ്യലിസം എന്നു ചിലർ ധരിച്ചുവെച്ചിട്ടുണ്ട്. ഇതു ശരിയല്ല. സ്റ്റേറ്റുടമയിൽ വ്യവസായങ്ങൾ തുടങ്ങിയാൽ അതു സോഷ്യലിസമാവില്ല, സ്റ്റേറ്റുമുതലാളിത്തമേ ആവൂ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽത്തന്നെ ഏംഗെൽസ് ഇക്കാര്യം ഇങ്ങിനെ വ്യക്തമാക്കിയിട്ടുണ്ട്:

> “ഇയ്യിടെ ബിസ്മാർക്ക് വ്യവസായസ്ഥാപനങ്ങളെ ഗവൺമെൻറുടമയിലാക്കാൻ പുറപ്പെട്ടതോടുകൂടി ഒരു തരം കള്ളസോഷ്യലിസം-ഏതുതരം ഗവൺമെൻറുടമസ്ഥതയും സോഷ്യലിസമാണെന്ന് സങ്കോചമെന്യേ ഉൽഘോഷിയ്ക്കൽ-ആവിർഭവിച്ചിരിയ്ക്കുന്നു. പുകയിലവ്യവസായം സർക്കാർ ഏറ്റെടുത്തതു സോഷ്യലിസമാണെങ്കിൽ തീർച്ചയായും നെപ്പോളിയനേയും മേറ്റർനിക്കിനേയും സോഷ്യലിസത്തിന്റെ സ്ഥാപകന്മാരായി കണക്കാക്കണം. ബെൽജിയം ഗവൺമെൻറ് പ്രധാന റെയിൽവേപ്പാതകളെല്ലാം സ്വന്തം ഉടമസ്ഥതയിൽ പണിചെയ്തു. യാതൊരു സാമ്പത്തികപ്രേരണയുമില്ലാതെ ബിസ്മാർക്ക് ജർമ്മനിയിലെ റെയിൽവെയെല്ലാം സർക്കാറിലേയ്ക്കെടുത്തു. എന്തുകൊണ്ട് ഗവൺമെൻറിന്ന് വോട്ടുചെയ്യുവാനായി റെയിൽവേ ശമ്പളക്കാരെ കന്നുകാലികളെപ്പോലെ ആട്ടിത്തെളിച്ചുകൊണ്ടുവരാൻവേണ്ടി; പ്രത്യേകിച്ച് പാർലിമെണ്ടിന്റെ വോട്ടിന്നു വിധേയമാകാത്ത ഒരു പുതിയ വരവിനും ഗവൺമെൻറിന്നുണ്ടാക്കാൻ വേണ്ടി ഇതൊന്നും ഒരു തരത്തിലും നേരിട്ടോ അല്ലാതെയോ ഉള്ള സോഷ്യലിസ്റ്റ് നിർമ്മാണങ്ങളല്ല. ആണെങ്കിൽ റോയൽ കപ്പൽ കമ്പനിയും കളിമൺഫാക്ടറിയും പട്ടാളത്തിലെ തുന്നൽക്കാരൻകൂടിയും സോഷ്യലിസ്റ്റ് സ്ഥാപനങ്ങളായിത്തീരും. പോരാ, മൂന്നാം ഫ്രെഡറിക്ക് വില്യമിന്റെ കാലത്ത് ഒരു വീരൻ കാര്യമായ അഭിപ്രായപ്പെട്ടതുപോലെ, വ്യഭിചാരശാലകൾ ഗവൺമെൻറു ഏറ്റെടുക്കുന്നതുപോലും സോഷ്യലിസമായിത്തീരും.”

(സോഷ്യലിസം, സാങ്കല്പികവും ശാസ്ത്രീയവും, പേജ് 68-69)

ഗവൺമെൻറ് സ്വന്തം ഉടമസ്ഥതയിൽ പൊതുവിഭാഗമെന്ന പേരിൽ ചില വ്യവസായങ്ങൾ സ്ഥാപിയ്ക്കാൻ തുടങ്ങുന്നതോടുകൂടി മുതലാളിത്തോൽപ്പാദനബന്ധങ്ങൾ അവസാനിയ്ക്കുന്നില്ല. ചൂഷണം തുടരുന്നു; ഉൽപ്പാദനോപകരണങ്ങളുടെമേൽ യാതൊരു ഉടമാവകാശവുമില്ലാതെ തൊഴിലാളികൾ കൂലിവേലക്കാരായിത്തന്നെ നിലനില്ക്കുന്നു. ഇതു സോഷ്യലിസമല്ല, സ്റ്റേറ്റ് മുതലാളിത്തമാണ്. ഏംഗെൽസ് വിവരിക്കുന്നു:

> “ജോയിൻറ് സ്റ്റോക്ക് കമ്പനികളായോ ട്രസ്റ്റ്കളായോ സ്റ്റേറ്റുടമസ്ഥതയിലുള്ള സ്ഥാപനങ്ങളായോ വ്യവസായങ്ങളെ മാറ്റുന്നതുകൊണ്ട് ഉൽപ്പാദനശക്തികളുടെ മുതലാളിത്തപരമായ സ്വഭാവം ഇല്ലാതാകുന്നില്ല. ജോയിൻറ് സ്റ്റോക്കു കമ്പനികളെസ്സംബന്ധിച്ചും ട്രസ്റ്റ്കളെസ്സംബന്ധിച്ച് ഈ വാസ്തവം വ്യക്തമാണ്. പിന്നെ എന്താണിന്നത്തെ സ്റ്റേറ്റ്? തൊഴിലാളികളുടേയും മുതലാളികളായ വ്യക്തികളുടേയും ആക്രമണത്തിൽനിന്ന് മുതലാളിത്തോൽപ്പാദനരീതിയുടെ ബാഹ്യസ്ഥിതികളെ സംരക്ഷിയ്ക്കുവാനായി മുതലാളിവർഗ്ഗം സൃഷ്ടിച്ചിട്ടുള്ള ഒരു സംഘടന മാത്രമാണത്. ഇന്നത്തെ ഭരണകൂടം-അതിന്റെ രൂപമെന്തായാലും—ഒരു മുതലാളിത്തയന്ത്രമാണ്; മുതലാളിവർഗ്ഗത്തിന്റെ ഭരണയന്ത്രമാണ്; രാജ്യത്തിലെ മൂലധനത്തിന്റെ ആദർശമൂർത്തീകരണമാണത്. ഉൽപ്പാദനശക്തികളെ അധികമധികം സ്വായത്തമാക്കുന്നതോടൊപ്പം അത് അധികമധികം ജനങ്ങളെ ചൂഷണം ചെയ്യാൻ തുടങ്ങുന്നു. കൂലിവേലക്കാർ അപ്പോഴും കൂലിവേലക്കാർ തന്നെ-അതായത് സ്വത്തില്ലാത്തവർ. മുതലാളിത്തബന്ധങ്ങൾ അപ്പോഴും നിലനില്ക്കുന്നു. എന്നല്ല, അവ കൂടുതൽ മുറുകുകയാണ് ചെയ്യുന്നത്. എന്നാൽ, ഒരറ്റംവരെ മുറുകുമ്പോൾ അവപൊട്ടുന്നു. ഉൽപ്പാദനശക്തികളെ ഗവൺമെൻറേറ്റെടുക്കുന്നത് ഇന്നത്തെ സമുദായത്തിലുള്ള അഭ്യന്തരസംഘട്ടനത്തിന്നു പരിഹാരമല്ല. എന്നാൽ ആ പരിഹാരത്തിന്റെ ഘടകങ്ങളായിത്തീരുന്ന സാങ്കേതിക പരിത:സ്ഥിതികൾ അതിൽ ഒളിഞ്ഞുകിടപ്പുണ്ട്.”

(സോഷ്യലിസം-സാങ്കല്പികവും ശാസ്ത്രീയവും, പേജ് 70)

## 5 ഇന്ത്യൻമുതലാളിത്തത്തിന്റെ പുരോഗമന സ്വഭാവവും പിന്തിരിപ്പൻ സ്വഭാവവും

ചുരുക്കിപ്പറഞ്ഞാൽ, സ്റ്റേറ്റുടമയിൽ ചില വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതുകൊണ്ടുമാത്രം നിലവിലുള്ള ഉൽപ്പാദനബന്ധങ്ങളിൽ മൗലികമായ മാറ്റങ്ങളൊന്നുമുണ്ടാകുന്നില്ല; മുതലാളിത്തമവസാനിയ്ക്കുന്നില്ല. ഇതു എന്തായാലും സോഷ്യലിസമല്ല തീർച്ച. എങ്കിലും ഒരു ഗുണമുണ്ട്. ഇന്ത്യയിലെ ഇന്നത്തെ സാഹചര്യങ്ങളിൽ, ഗവൺമെൻറുടമയിലുള്ള വൻകിടവ്യവസായസ്ഥാപനങ്ങൾ രാജ്യത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ പുരോഗതിയെ സഹായിയ്ക്കും. ബ്രിട്ടീഷുഭരണകാലത്ത് തടഞ്ഞുനിർത്തപ്പെട്ടിരുന്ന ഉൽപ്പാദനശക്തികളുടെ വളർച്ചയെ ത്വരിതപ്പെടുത്തും. അങ്ങിനെ അത് ഭാവിയിൽ ഉൽപ്പാദനബന്ധങ്ങളെത്തന്നെ മാറ്റാൻ കരുത്തുള്ള ശക്തികളെ സൃഷ്ടിച്ചുവിടും. സ്വതന്ത്രമായ സാമ്പത്തികവളർച്ചയുടെ അടിസ്ഥാനമുറപ്പിയ്ക്കും. മറ്റൊരു വിധം പറഞ്ഞാൽ, ഈ മുതലാളിത്തം ബ്രിട്ടീഷുകോളണിമേധാവിത്വത്തിന്റെ അവശിഷ്ടങ്ങൾക്കെതിരായ മുതലാളിത്തമാണ്. പാശ്ചാത്യമുതലാളിത്തരാഷ്ട്രങ്ങളുമായുള്ള കൂട്ടുകെട്ടുകൾ അവസാനിപ്പിയ്ക്കപ്പെട്ടിട്ടില്ലെന്നുള്ളതു ശരിതന്നെ. പക്ഷേ, മുതലാളിത്തരാഷ്ട്രങ്ങളുമായി മാത്രമല്ല, സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുമായും സാമ്പത്തികബന്ധങ്ങൾ പുലർത്താൻ ഇന്ത്യാഗവൺമെൻറ് തയ്യാറായിട്ടുണ്ട്. ഇതു തീർച്ചയായും സാമ്രാജ്യമേധാവികളുടെ കുത്തകനയത്തിന്നെതിരാണ്. ചുരുക്കിപ്പറഞ്ഞാൽ, ഇന്ത്യാഗവൺമെൻറിന്റെ നേതൃത്വത്തിലുള്ള മുതലാളിത്തം സാമ്രാജ്യമുതലാളിത്തത്തിന്നെതിരായി ഇന്ത്യയുടെ താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാൻ സഹായിയ്ക്കുന്ന മുതലാളിത്തമാണ്. അതുകൊണ്ടുതന്നെയാണ് പൊതുമേഖലയിൽ വൻകിടവ്യവസായങ്ങൽ സ്ഥാപിയ്ക്കുക എന്ന നയത്തെ ഭൂരിപക്ഷക്കാരായ ജനങ്ങൾ പിന്താങ്ങുന്നത്.

ഇന്ത്യയിലെ ദേശീയമുതലാളിത്തം വിദേശീയമായ സാമ്രാജ്യമുതലാളിത്തത്തിന്റെ താല്പര്യങ്ങളെ മാത്രമല്ല എതിർക്കുന്നത്. ഇന്ത്യയിലെ തൊഴിലാളികളുടേയും അദ്ധ്വാനിക്കുന്ന മറ്റുബഹുജനങ്ങളുടേയും താല്പര്യങ്ങൾക്കെതിരായ ഒരു സാമൂഹ്യവ്യവസ്ഥകൂടിയാണത്. വിദേശമുതലാളികളുടെ പിടിയിൽനിന്നു സ്വതന്ത്രമായ സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനാഗ്രഹിയ്ക്കുന്ന കോൺഗ്രസ്സുഭരണാധികാരികൾ ഇന്ത്യൻമുതലാളിത്തത്തെ, പ്രത്യേകിച്ചും ഇന്ത്യയിലെ കുത്തകമുതലാളിത്തസ്ഥാപനങ്ങളെ, ശക്തിപ്പെടുത്തുവാൻവേണ്ടി പലപ്പോഴും ജനങ്ങൾക്കെതിരായ നിലപാടുകളെടുക്കുന്നു.

അടിസ്ഥാനവ്യവസായങ്ങളെല്ലാം ദേശസാൽക്കരിക്കണമെന്ന് കാൽനൂറ്റാണ്ടുമുമ്പ് മുതൽക്കുതന്നെ ഇന്ത്യയുടെ ദേശീയ പ്രസ്ഥാനം ആവശ്യപ്പെട്ടുപോന്നിട്ടുള്ളതാണ്. എന്നിട്ടും, പൊതുമേഖലയുടെ വ്യാപ്തി വർദ്ധിപ്പിയ്ക്കണമെന്നു തീരുമാനിയ്ക്കപ്പെട്ടതിന്നുശേഷവും, ഇരുമ്പ്, ഉരുക്ക്, കൽക്കരി തുടങ്ങിയ മർമ്മ പ്രധാനങ്ങളായ മൌലികവ്യവസായങ്ങൾപോലും കുത്തകമുതലാളികളുടെ സ്വകാര്യ ഉടമസ്ഥതയ്ക്കു വിട്ടുകൊടുക്കുകയാണ് ഇന്ത്യഗവൺമെൻറ് ചെയ്തിട്ടുള്ളത്. കുത്തകമുതലാളികൾക്ക് സഹായധനങ്ങൾ നൽകിയും പലിശകൂടാതെയോ ചുരുങ്ങിയ പലിശയ്ക്ക് വമ്പിച്ച തുകകൾ കടംകൊടുത്തും അവരുൽപ്പാദിപ്പിയ്ക്കുന്ന ചരക്കുകൾ വില കയറ്റി വില്ക്കാനനുവദിച്ചും അവരുടെ കൊള്ളലാഭങ്ങൾക്ക് പ്രോത്സാഹനം നൽകുകയാണ് ഗവൺമെൻറു ചെയ്യുന്നത്. ഈ നയത്തിന്റെ ഫലമായി വൻകിടമുതലാളികളുടെ ലാഭം പതിന്മടങ്ങു വർദ്ധിച്ചുകൊണ്ടിരിയ്ക്കുന്നു. ഉദാഹരണത്തിന്ന് ഇരുമ്പ്-ഉരുക്കു വ്യവസായത്തിന്റെ ലാഭം 1939-ൽ 100 എന്ന അടിസ്ഥാനത്തിൽ 1947-ൽ 86 ആയിരുന്നത് 1955 ആയപ്പോഴേയ്ക്കും 388 ആയി വർദ്ധിച്ചു. കൽക്കരിയുടെ സൂചകസംഖ്യ 200 ആയി. പ്രധാനപ്പെട്ട വ്യവസായങ്ങളുടെ ശരാശരിലാഭത്തിന്റെ സൂചകസംഖ്യ 1939-ൽ 100 എന്ന അടിസ്ഥാനത്തിൽ 1947-ൽ 191 ഉം, 1955-ൽ 334 ഉം ആണ്. (ഈ സ്റ്റേറ്റാൺ എക്കോണമിസ്റ്റ്, ക്വാർട്ടേർലി ബുള്ളറ്റിൻ, 1957 ഒക്ടോബർ)

ഇതേ അവസരത്തിൽ തൊഴിലാളികളുടേയും അധ്വാനിയ്ക്കുന്ന മറ്റു ജനവിഭാഗങ്ങളുടേയും യഥാർത്ഥവരുമാനം കുറയുകയാണ് ചെയ്തിട്ടുള്ളത്. ഭൂരിപക്ഷക്കാരായ ജനങ്ങളുടെ ജീവിതത്തോത് ഇടിയുകയാണ് ചെയ്തിട്ടുള്ളത്. നികുതിഭാരം വർദ്ധിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. നാട്ടുകാരുടെ നികുതിഭാരം വർദ്ധിപ്പിച്ച് ഈടാക്കുന്ന പണത്തിന്റെ ഗണ്യമായ ഒരു ഭാഗം വൻകിടമുതലാളികളെ ഏല്പിച്ചുകൊടുക്കുക എന്ന വിചിത്രമായ ഒരു നയമാണ് ഇന്ത്യാഗവൺമെൻറ് തുടർന്നുപോന്നിട്ടുള്ളത്.

ഇന്ത്യയിലെ വൻകിട മുതലാളികളിൽ ചിലരും ചില വിദേശീയകുത്തകമുതലാളികളും തമ്മിൽ ഉറ്റ ഇന്ത്യയിലെ പ്രധാനപ്പെട്ട പല വ്യവസായ സ്ഥാപനങ്ങളും ഇന്ത്യൻമുതലാളികളുടേയും വിദേശീയമുതലാളികളുടേയും കൂട്ടുടമയിലാണ്. ഇന്ത്യാഗവൺമെൻറിന്റെ മൂലധനമുള്ള ചില വൻകിട വ്യവസായ സ്ഥാപനങ്ങളിൽപ്പോലും വിദേശീയകുത്തകക്കാർക്ക് നിർണ്ണായകമായ സ്ഥാനങ്ങളനുവദിയ്ക്കപ്പെട്ടിട്ടുണ്ട്. ഈ കൂട്ടുകെട്ടുകളും പരസ്പരബന്ധങ്ങളും കാരണം, സ്വതന്ത്രമായ സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാൻ എത്രതന്നെ ആഗ്രഹിയ്ക്കുന്നുണ്ടെങ്കിലും, വിദേശീയ മൂലധനത്തിന്നെതിരായി ഒരുറച്ച നിലപാടെടുക്കാൻ ഇന്ത്യൻ ഭരണാധികാരികൾക്കു സാധിയ്ക്കുന്നില്ല. നമ്മുടെ ചായത്തോട്ടങ്ങളും റബ്ബർതോട്ടങ്ങളും ഖനികളും എൻജിനീയറിങ്ങും ചണവ്യവസായവും കപ്പൽ വ്യവസായങ്ങളും ബേങ്കിങ്ങു വ്യവസ്ഥയും വിദേശ വ്യാപാരവും മറ്റും മുമ്പുതന്നെ ബ്രിട്ടീഷുമുതലാളികളുടെ പിടിയിലാണ്. ഇന്ത്യയുടെ സാമ്പത്തിക ജീവിതത്തിന്റെ മർമ്മസ്ഥാനങ്ങളിൽനിന്ന് ഈ വിദേശീയ മേധാവിത്വം നീക്കം ചെയ്യപ്പെട്ടിട്ടില്ലെന്നു മാത്രമല്ല, പുതിയ രീതിയിലുള്ള ചൂഷണങ്ങൾക്കു പുതിയ മൂലധനം ക്ഷണിയ്ക്കപ്പെടുകകൂടി ചെയ്യുന്നു.

ഇന്ത്യയിലെ വൻകിട കുത്തകമുതലാളികൾക്ക് വിദേശീയ കുത്തകമുതലാളികളുമായി മാത്രമല്ല, ഇന്ത്യയിൽത്തന്നെയുള്ള വൻകിടക്കാരായ നാടുവാഴികളുമായും ഉറ്റ ബന്ധങ്ങളുണ്ട്. അതുകൊണ്ടാണ് അവർ നാടുവാഴിത്തപരമായ കാർഷിക ബന്ധങ്ങളവസാനിപ്പിയ്ക്കാൻ പറ്റിയ ഉറച്ച നയങ്ങൾ കൈക്കൊള്ളാത്തത്. വാസ്തവത്തിൽ, ഉണ്ടികക്കാരുടേയും ജന്മികളുടേയും ചൂഷണത്തിൽ കിടന്നു ഞെരങ്ങുന്ന ഭൂരിപക്ഷക്കാരായ കൃഷിക്കാരെ മോചിപ്പിയ്ക്കുകയും അവരുടെ ക്രയശക്തി വർദ്ധിപ്പിയ്ക്കുകയും ചെയ്താൽ മാത്രമേ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്താനും അഭ്യന്തരമാർക്കറ്റ് വികസിപ്പിയ്ക്കാനും കഴിയൂ. എന്നിട്ടും, ജന്മിസ്സമ്പ്രദായം ഉന്മൂലനം ചെയ്യപ്പെട്ടിട്ടില്ല. മടിച്ചു മടിച്ചുകൊണ്ടും ജന്മികൾക്ക് വമ്പിച്ചതുകകൾ പ്രതിഫലം കൊടുത്തുകൊണ്ടുമുള്ള ചില കാർഷിക പരിഷ്കരണങ്ങൾക്കു മാത്രമേ കോൺഗ്രസ്സു ഭരണാധികാരികൾ തയ്യാറായിട്ടുള്ളൂ.

## 6 ദ്വിമുഖപരിപാടി

ചുരുക്കിപ്പറഞ്ഞാൽ, വൈരുദ്ധ്യം നിറഞ്ഞ ഒരു വിചിത്രനയമാണ് ഇന്ത്യൻ ഭരണാധികാരികൾ കൈക്കൊണ്ടിട്ടുള്ളത്,

1. ഒരു ഭാഗത്ത്, ഇന്ത്യൻ മുതലാളിത്തത്തിന്റെ താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാനും സ്വതന്ത്രമായ ഒരു സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാനുംവേണ്ടി അവർ വിദേശമൂലധനത്തിന്നെതിരായി പല നടപടികളുമെടുക്കുന്നു. അതേസമയത്തുതന്നെ, മറുഭാഗത്ത്, വിദേശമൂലധനത്തിന്റെ ചൂഷണം നിലനിർത്തുന്നു.
2. ഒരു ഭാഗത്ത്, വളർന്നുവരുന്ന സോഷ്യലിസ്റ്റ് ചേരിയുമായി കൂടുതൽ കൂടുതൽ ബന്ധങ്ങൾ സ്ഥാപിയ്ക്കുന്നു; മറുഭാഗത്ത്, തകർന്നുവരുന്ന മുതലാളിത്തച്ചേരിയുമായുള്ള ബന്ധങ്ങളും കൂട്ടുകെട്ടുകളും നിലനിർത്തിപ്പോരുന്നു.
3. ഒരു ഭാഗത്ത്, അഭ്യന്തരമാർക്കറ്റ് വികസിപ്പിയ്ക്കാനും അങ്ങിനെ പഞ്ചവത്സരപദ്ധതിയെ വിജയിപ്പിയ്ക്കാനുംവേണ്ടി നാട്ടുവാഴിമേധാവികൾക്കെതിരായ പല നടപടികളുമെടുക്കുന്നു; മറുഭാഗത്ത്, നാട്ടുവാഴിത്തപരമായ കാർഷികബന്ധങ്ങൾ നിലനിർത്തുന്നു.
4. ഒരു ഭാഗത്ത്, അടിസ്ഥാനവ്യവസായങ്ങൾ വളർത്തിക്കൊണ്ട് സ്വതന്ത്രമായ സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാൻ ശ്രമിയ്ക്കുന്നു; മറുഭാഗത്ത്, അടിസ്ഥാനവ്യവസായങ്ങളിൽപ്പോലും സ്വകാര്യമുതലാളികൾക്കു പ്രോത്സാഹനം നൽകുന്നു.
5. ഒരു ഭാഗത്ത് പഞ്ചവത്സരപദ്ധതിയെ വിജയിപ്പിയ്ക്കാൻ കിണഞ്ഞു പരിശ്രമിയ്ക്കുന്നു; മറുഭാഗത്ത്, ആ പരിശ്രമങ്ങളെത്തന്നെ തകിടം മറിയ്ക്കാനുതകുന്ന നയങ്ങൾ കൈക്കൊള്ളുന്നു.

ഈ വൈരുദ്ധ്യങ്ങളുടെ ഫലമായി, നമ്മുടെ സാമ്പത്തിക ജീവിതത്തിൽ വിദേശമുതലാളികളേയും നാട്ടുവാഴികളുടേയും ആധിപത്യം ഇപ്പോഴും നിലനിൽക്കുന്നു. ഈ ആധിപത്യമവസാനിപ്പിയ്ക്കാതെ ഇന്ത്യയുടെ സ്വാതന്ത്ര്യമുറപ്പിയ്ക്കുവാനും ദേശീയ പുനർനിർമ്മാണപരിപാടികളെ വിജയിപ്പിച്ചുകൊണ്ട് സ്വതന്ത്രമായ ഒരു സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാനും അങ്ങിനെ സോഷ്യലിസം സ്ഥാപിയ്ക്കാനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിയ്ക്കാനും സാധിയ്ക്കുകയില്ല.

അതുകൊണ്ട്, ഇന്ത്യയിലെ തൊഴിലാളിവർഗ്ഗത്തിൻറേയും സോഷ്യലിസത്തിന്നുവേണ്ടി നിലക്കൊള്ളുന്ന മറ്റെല്ലാവരുടേയും ഇന്നത്തെ അടിയന്തരകടമ ഇന്ത്യൻ മുതലാളിത്തത്തിന്റെ ഈ ദ്വിമുഖനയത്തെ സമർത്ഥമായി നേരിട്ടുകൊണ്ട് സാമൂഹ്യവളർച്ചയെ ത്വരിതപ്പെടുത്തുക എന്നതാണ്.

ഒരു ഭാഗത്ത്, അടിസ്ഥാനവ്യവസായങ്ങളുടെ വളർച്ചയെ ഊന്നിക്കൊണ്ടുള്ളവ്യവസായവൽക്കരണം, മർമ്മപ്രധാനങ്ങളായ ഉൽപ്പാദനോപകരണങ്ങൾ സ്റ്റേറ്റുടമയിലാക്കൽ, തൊഴിൽ സൗകര്യങ്ങളെ വികസിപ്പിയ്ക്കൽ, കാർഷികപരിഷ്കരണം, മുതലായവയെസ്സംബന്ധിച്ച ഗവൺമെന്റെടുക്കുന്ന എല്ലാ നടപടികളേയും, അവ എത്രതന്നെ പരിമിതമായാൽപ്പോലും, വിജയിപ്പിയ്ക്കാനും ശക്തിപ്പെടുത്താനും കൂടുതൽ വിപുലമാക്കാനുംവേണ്ടി മുതലാളികളുൾപ്പെടെയുള്ള എല്ലാ ജനങ്ങളേയും യോജിപ്പിച്ചണിനിരത്തുകയും ഇത്തരംപുരോഗമനപ്രവണതകൾക്കെതിരായി തലയുയർത്തുന്ന എല്ലാ പിന്തിരിപ്പൻ ശക്തികളേയും എതിർത്തു തോല്പിയ്ക്കുകയും ചെയ്യുക; അതേസമയത്തുതന്നെ മറുഭാഗത്ത്, വിദേശമൂലധനത്തിൻറേയും നാടൻ കുത്തകമുതലാളികളുടേയും ലാഭക്കൊള്ളകൾക്ക് പ്രോത്സാഹനം നൽകുകയും ബ്രിട്ടീഷു വ്യവസായസ്ഥാപനങ്ങളെ ദേശസാൽക്കരിയ്ക്കാൻ വിസമ്മതിയ്ക്കുകയും അടിയന്തിരവും മൗലികവും ഭൂരിപരിഷ്കരണങ്ങൾ നടപ്പിൽവരുത്താൻ കൂട്ടാക്കാതിരിയ്ക്കുകയും അങ്ങിനെ അർദ്ധനാട്ടുവാഴിത്തപരമായ സാമൂഹ്യബന്ധങ്ങളെ നിലനിർത്തിക്കൊണ്ട് ജനങ്ങളുടെ ജീവിതത്തോത് ഇടിച്ചുതാഴ്ത്തുകയും ചെയ്യുന്ന ഭരണാധികാരികളുടെ എല്ലാ നടപടികളേയും വിട്ടുവീഴ്ചകൂടാതെ എതിർക്കുക.

ഒരു ഭാഗത്ത് സമാധാനത്തിന്നും സാമ്പത്തികപുരോഗതിയ്ക്കും സഹായകരമായ ഏറ്റവും ചെറിയ കാൽവെയ്പ്പുകളെപ്പോലും ശക്തിപ്പെടുത്തുക;

മറുഭാഗത്ത്, നമ്മുടെ സാമ്പത്തികജീവിതത്തിൽ വിദേശമൂലധനത്തിന്നും നാടൻ സ്ഥാപിതതാല്പര്യങ്ങൾക്കുമുള്ള മേധാവിത്വപദവിയെ പടിപടിയായി തട്ടിനീക്കുകയും ദേശീയ പുനർനിർമ്മാണത്തിന്നുവേണ്ടിയുള്ള ജനാധിപത്യപ്രസ്ഥാനത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വമുറപ്പിയ്ക്കുകയും ചെയ്യുക.

ഇതുമാത്രമാണ് സോഷ്യലിസത്തിലേയ്ക്കു മുന്നേറാനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിയ്ക്കാനുള്ള വഴി. പിന്തിരിപ്പൻ സ്ഥാപിതതാല്പര്യക്കാർക്കെതിരായ ജനങ്ങളുടെ യോജിച്ച പ്രക്ഷോഭങ്ങളിലൂടെയും സമരങ്ങളിലൂടെയും മാത്രമേ ഈ അടിയന്തര കടമ നിർവ്വഹിയ്ക്കാൻ കഴിയൂ.

സാമൂഹ്യസാമ്പത്തികരംഗങ്ങളിൽ തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വം കെട്ടിപ്പടുക്കാനുള്ള സമരം ഭരണകൂടത്തെ മാറ്റാനുള്ള സമരവുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടാണിരിയ്ക്കുന്നത്. എന്തുകൊണ്ടെന്നാൽ, നിലവിലുള്ള ഭരണയന്ത്രം സാമൂഹ്യസാമ്പത്തികരംഗങ്ങളിൽ ഇന്ത്യൻമുതലാളിവർഗ്ഗത്തിന്റെ സ്ഥാപിതതാല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാനുള്ള ഒരുപകരണം മാത്രമാണ്. സോഷ്യലിസം സ്ഥാപിയ്ക്കണമെങ്കിൽ മുതലാളിത്തവ്യവസ്ഥയുടെ ഭരണകൂടത്തിന്റെ സ്ഥാനത്ത് സോഷ്യലിസ്റ്റ് വ്യവസ്ഥയുടേതായ ഒരു ഭരണകൂടം സ്ഥാപിയ്ക്കണം; എന്നുവെച്ചാൽ, ന്യൂനപക്ഷക്കാരായ മുതലാളികളുടെ ഭരണമവസാനിപ്പിച്ച് തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള ഭൂരിപക്ഷഭരണം നടപ്പിൽ വരുത്തണം.

# 7 ഇരുമ്പു ചട്ടക്കൂട്

ബ്രിട്ടനിലെ പ്രധാനമന്ത്രിയായിരുന്ന മി. ലോയിഡ് ജോർജ്ജ് 1922 ആഗസ്റ്റ് 2-ാം ന കോമൺസ് സഭയിൽ ചെയ്ത ഒരു പ്രസംഗത്തിൽ ഇങ്ങിനെ പ്രസ്താവിയ്ക്കുകയുണ്ടായി:

> "ഇന്ത്യയ്ക്ക് ബ്രിട്ടീഷ്സിവിൽ സർവ്വീസിന്റെ സഹായവും നേതൃത്വവും കൂടാതെ നിലനില്ക്കാൻ കഴിയുന്ന യാതൊരു കാലഘട്ടത്തേയും എനിയ്ക്കു കാണാൻ കഴിയുന്നില്ല. മുഴുവൻ ഭരണ വ്യവസ്ഥയുടേയും ഇരുമ്പുചട്ടക്കൂടാണത്."

1935-ൽ ബ്രിട്ടീഷ്പാർലിമെണ്ട് ഇന്ത്യയ്ക്കൊരു ഭരണഘടന പാസ്സാക്കിത്തന്നു. ആ ഭരണഘടനയുടെ പിതാവായറിയപ്പെടുന്ന മി. സ്റ്റാൻലി ബാൾഡ്വിൻ 1935 ഫെബ്രുവരി 5-ാം ന ചെയ്ത റേഡിയോപ്രസംഗത്തിൽ വ്യക്തമാക്കി:

> "ഇന്ത്യക്കാരായ മന്ത്രിമാർ നമ്മളുദ്ദേശിയ്ക്കുന്ന കാര്യങ്ങൾ നിറവേറ്റാൻ വേണ്ടിയാണ് രാഷ്ട്രീയാധികാരം പ്രയോഗിയ്ക്കേണ്ടത്. അവരെക്കൊണ്ട് അങ്ങിനെ ചെയ്യിയ്ക്കുക എന്നതാണ് നമ്മുടെ വൈസ്രോയിയുടേയും ഗവർണ്ണർമാരുടേയും അവരുടെ കീഴിൽ സ്റ്റേറ്റ് സിക്രട്ടറിയാൽ റിക്രൂട്ടുചെയ്യപ്പെട്ട് പാർലിമെണ്ടിനാൽ സംരക്ഷിയ്ക്കപ്പെടുന്ന സർവ്വീസുകളുടേയും കടമ. ഈ കടമ നിറവേറ്റാനാവശ്യമായ ഉപാധികളും സുരക്ഷിതമാണ്."

സർവ്വീസുകളുടെ നേതൃത്വത്തിലുള്ള ഭരണഘടനയുടെ ഈ ഇരുമ്പു ചട്ടക്കൂട്ടിന്റെ സഹായത്തോടുകൂടിയാണ് ബ്രിട്ടീഷ് സാമ്രാജ്യവാദികൾ ഇന്ത്യയുടെ സ്വാതന്ത്ര്യസമരങ്ങളെ ഇടിച്ചമർത്തുകയും ഇന്ത്യയെ പിന്നണിയിലുള്ള ഒരു കാർഷികരാജ്യമാക്കി നിലനിർത്തിക്കൊണ്ട് ചൂഷണം ചെയ്യുകയും ചെയ്തുപോന്നത്.

പക്ഷേ, നാല്പതുകോടി ജനങ്ങളുടെ സംഘടിതമായ പ്രക്ഷോഭങ്ങളേയും സമരങ്ങളേയും എന്നെന്നേയ്ക്കുമായി തടഞ്ഞുനിർത്താൻ സാധിച്ചില്ല. 1947 ആഗസ്റ്റ് 15-ാം ന ഇന്ത്യ സ്വതന്ത്രയായി. 1950-ൽ സ്വതന്ത്ര്യേന്ത്യയുടെ റിപ്പബ്ളിക്കൻ ഭരണഘടന നടപ്പിൽവന്നു. ബ്രിട്ടീഷ് വൈസറോയിയും ബ്രിട്ടീഷ്ഗവർണ്ണർമാരും പോയി. ബ്രിട്ടീഷ്സിവിൽ സർവ്വീസുപോയി. ബ്രിട്ടീഷ്പാർലിമെണ്ടിന്റെ പരമാധികാരം പോയി. പ്രായപൂർത്തി വോട്ടവകാശം വന്നു. ജനങ്ങളുടെ പരമാധികാരം അംഗീകരിയ്ക്കപ്പെട്ടു. ഇന്ത്യയുടെ പിന്നോക്കനിലയവസാനിപ്പിയ്ക്കാനും വ്യവസായവൽക്കരണം, കാർഷിക പരിഷ്കാരം, വിദ്യാഭ്യാസ പരിഷ്കാരം മുതലായവയിലൂടെ സുശക്തമായ ഒരു സ്വതന്ത്ര സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാനുമുള്ള പുതിയ സാഹചര്യങ്ങളുളവായി.

എന്നിട്ടും, ഇരുമ്പുചട്ടക്കൂടിനു മാറ്റമുണ്ടായില്ല. ബ്രിട്ടീഷുകാരുടെ സ്ഥാപിതതാല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാൻ വേണ്ടി സൃഷ്ടിയ്ക്കപ്പെട്ട അതേ ഭരണയന്ത്രം, പറയത്തക്ക യാതൊരു മാറ്റവും കൂടാതെ, അധികാരക്കൈമാറ്റത്തിനുശേഷവും നിലനിന്നുപോന്നു. ബ്രിട്ടീഷ് വൈസറോയിയുടെ സ്ഥാനത്ത് ഇന്ത്യൻ പ്രസിഡണ്ട്, ബ്രിട്ടീഷ് ഗവർണ്ണർമാരുടെ സ്ഥാനത്ത് ഇന്ത്യക്കാരായ ഗവർണ്ണർമാർ, ബ്രിട്ടീഷ്സർവ്വീസുകാരുടെ സ്ഥാനത്ത് ഇന്ത്യക്കാരായ സർവ്വീസുകാർ-ചട്ടക്കൂട് പഴയതുതന്നെ. ഉദ്യോഗസ്ഥമേധാവിത്വപരമായ പഴയ ഭരണസമ്പ്രദായം, പഴയ ഡിപ്പാർട്ടുമെൻറുകൾ, പഴയ ഫയലുകളും പഴയ നോട്ടുകറിയ്ക്കുലുകളും പഴയ റൂളുകളും പഴയ വഴക്കങ്ങളും പഴയ മനോഭാവങ്ങളും—എല്ലാം പഴയപടിതന്നെ. ചുരുക്കിപ്പറഞ്ഞാൽ 1947 ആഗസ്റ്റിലെ അധികാരക്കൈമാറ്റത്തിന്റെ ഫലമായി പഴയ വർഗ്ഗങ്ങളുടെ സ്ഥാനത്ത് പുതിയ വർഗ്ഗങ്ങൾ അധികാരത്തിലേറിയപ്പോൾ പഴയ ഭരണങ്കടം തട്ടിത്തകർക്കപ്പെടുകയോ പുതിയൊരു ഭരണങ്കടം സൃഷ്ടിക്കപ്പെടുകയോ ചെയ്തില്ല. ബ്രിട്ടീഷ്മേധാവികളുടെ താല്പര്യങ്ങളെ കാത്തുരക്ഷിച്ച പഴയ ഭരണകൂടം അതേപടി നിലനിർത്തപ്പെടുകയാണുണ്ടായത്. പക്ഷേ, ക്രമത്തിൽ പുതിയ പരിതഃസ്ഥിതികളെ നേരിടാൻ പഴയ ഭരണകൂടത്തിന്നു സാദ്ധ്യമല്ല എന്നു വ്യക്തമായി. പഴയ ഭരണകൂടത്തിന്റെ രൂപത്തിലും ഉള്ളടക്കത്തിലും മാറ്റങ്ങൾ വരുത്തിയേ മതിയാവു എന്നായി. ഇതിനകംതന്നെ പല മാറ്റങ്ങളും ഉണ്ടായിക്കഴിഞ്ഞിരിയ്ക്കുന്നു. ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നുമുണ്ട്. ഭരണകൂടത്തിന്റെ രൂപം പഴയപടി നിലനിൽക്കുന്നുവെങ്കിലും അതിന്റെ ഉള്ളടക്കത്തിൽ സാരമായ മാറ്റങ്ങൾ വന്നു കഴിഞ്ഞിരിക്കുന്നു.

പത്തുകൊല്ലങ്ങൾക്കു മുമ്പുവരേയും ഭരണാധികാരമെന്നാൽ, സാധാരണക്കാരായ ജനങ്ങളെസ്സംബന്ധിച്ചേടത്തോളം, പോലീസും അംശം ഉദ്യോഗസ്ഥനും എന്നർത്ഥമായിരുന്നു. ഇന്നു സ്ഥിതി മാറിയിട്ടുണ്ട്. ജനങ്ങളുടെ രാഷ്ട്രീയബോധം മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്തവിധം വർദ്ധിച്ചിരിയ്ക്കുന്നു. സ്വന്തം ഇച്ഛാശക്തി പ്രകടിപ്പിയ്ക്കാനും അവകാശങ്ങൾ നേടാനുമുള്ള പുതിയ മാർഗ്ഗങ്ങൾ അവരുടെ മുമ്പിൽ വെട്ടിത്തുറക്കപ്പെട്ടിരിക്കുന്നു. പ്രായപൂർത്തിവോട്ടവകാശം, തിരഞ്ഞെടുപ്പ്, ട്രേഡ്യൂണിയൻ, പത്രങ്ങൾ, രാഷ്ട്രീയപാർട്ടികൾ-ഇന്ത്യയുടെ മാനസികമണ്ഡലത്തിലാകെ വമ്പിച്ച മാറ്റങ്ങൾ വന്നുകൊണ്ടിരിയ്ക്കുകയാണ്.

ഭരണയന്ത്രത്തിന്റെ സ്ഥിതിയോ? പണ്ടത്തെപ്പോലെ ഇടിയ്ക്കുന്ന പോലീസ്സിനെക്കൊണ്ടും നികുതി പിരിയ്ക്കുന്ന അംശം ഉദ്യോഗസ്ഥനെക്കൊണ്ടും മാത്രം ഇന്നു ഭരിയ്ക്കാൻ വയ്യാ. ക്ഷേമരാഷ്ട്രം, സോഷ്യലിസം-ഇതാണ് പുതിയ കാഴ്ചപ്പാട്. വ്യവസായം, കൃഷി, കച്ചവടം, ശാസ്ത്രഗവേഷണം, സാഹിത്യം, കല, ഭവനനിർമ്മാണം, എന്നിങ്ങിനെ പുതിയ പല രംഗങ്ങളിലും ഗവൺമെൻറ് കൈവെയ്ക്കാൻ തുടങ്ങിയിരിയ്ക്കുന്നു. ഈ ആവശ്യങ്ങൾക്കു വേണ്ടിയുള്ള പുതിയ സംഘടനകളും ഡിപ്പാർട്ടുമെൻറുകളും ഉദ്യോഗസ്ഥന്മാരും സൃഷ്ടിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

## 8 ഭരണയന്ത്രത്തെ ജനാധിപത്യവൽക്കരിയ്ക്കുക

എന്നിട്ടും, ജനങ്ങളുമായും പുതിയ പരിതഃസ്ഥിതികളുമായും പറയത്തക്ക ബന്ധമൊന്നുമില്ലാത്ത പഴയ ചട്ടക്കൂട്ടു നിലനില്ക്കുന്നു. പഴയ റൂളുകളും പഴയ വഴക്കങ്ങളും ഫയലുകളിൽ നോട്ടുകുറിയ്ക്കുന്ന പഴയ ചുവപ്പുനാടയും ഇനിയും മാറിയിട്ടില്ല. ഇതിലൊരു പൊരുത്തക്കേടുണ്ടെന്നും പുതിയ ഉള്ളടക്കത്തിന് പുതിയ ചട്ടക്കൂടു വേണമെന്നും ഭരണാധികാരികൾക്കുതന്നെ ബോധ്യമാവാൻ തുടങ്ങിയിട്ടുണ്ട്. നിലവിലുള്ള ഉദ്യോഗസ്ഥമേധാവിത്വപരമായ ഭരണയന്ത്രം അപര്യാപ്തമാണെന്നും കാര്യക്ഷമമായും വേഗത്തിലും കാര്യങ്ങൾ നടത്താനോ ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കു രൂപം കൊടുക്കാനോ അതു പറ്റുകയില്ലെന്നും വ്യക്തമാവാൻ തുടങ്ങിയിട്ടുണ്ട്. പക്ഷേ, പോംവഴിയെന്താണ്? ഉദ്യോഗസ്ഥന്മാർ കാലത്തിന്നനുസരിച്ച് മാറണമെന്നും ജനങ്ങളുടെ യജമാനന്മാരെപ്പോലെയല്ല, ദാസന്മാരെപ്പോലെയാണ്, അവർ പെരുമാറേണ്ടതെന്നും ജനങ്ങളുമായി അവർ ബന്ധം പുലർത്തണമെന്നും മറ്റും പ്രധാനമന്ത്രിയും മറ്റു കോൺഗ്രസ്സനേതാക്കന്മാരും കൂടെക്കൂടെ ഉൽബോധിപ്പിയ്ക്കാറുണ്ട്. എന്നാൽ ഇതൊരു ഹൃദയപരിവർത്തനത്തിന്റെ പ്രശ്നം മാത്രമല്ല, ഇരുമ്പുചട്ടക്കൂടിന്റെ പ്രശ്നം കൂടിയാണ്. ജനങ്ങളോട് ഭരണയന്ത്രം എങ്ങിനെ പെരുമാറണമെന്നത് പ്രശ്നത്തിന്റെ ഒരു വശം മാത്രമാണ്. കൂടുതൽ പ്രധാനമായ വശം ഭരണനിർവ്വഹണത്തിൽ ജനങ്ങൾക്ക് എത്രത്തോളം പങ്കുണ്ടാവണമെന്നതാണ്.

ഇന്നത്തെ ഭരണവ്യവസ്ഥയിൽ അഞ്ചുകൊല്ലത്തിലൊരിയ്ക്കൽ വോട്ടു രേഖപ്പെടുത്താൻ ജനങ്ങൾക്കധികാരമുണ്ട്. ഏതുസ്ഥാനാർത്ഥിയാണ്, അല്ലെങ്കിൽ ഏതു പാർട്ടിയാണ്, ജയിയ്ക്കേണ്ടത് എന്നു തീരുമാനിയ്ക്കുന്നത് ജനങ്ങളാണ്. അതുകൊണ്ട് തിരഞ്ഞെടുപ്പുകാലത്ത് ജനങ്ങളാണ് രാജാക്കന്മാർ. ഏതു ഗവൺമെൻറിനേക്കാളും ഏതു പാർട്ടിയേക്കാളുമധികം ശക്തിയുള്ളവരാണവർ. തിരഞ്ഞെടുപ്പു കഴിഞ്ഞാലോ, അവർ വീണ്ടും ഭരണയന്ത്രത്തിന്റെ അടിമകളായി മാറുന്നു. എല്ലാ അധികാരങ്ങളും ഒരു പിടി മന്ത്രിമാരുടേയും ഡിപ്പാർട്ടുമെൻറു തലവന്മാരുടേയും കൈയിൽ കേന്ദ്രീകരിയ്ക്കുന്നു. ജനങ്ങൾക്കു പിന്നെ യാതൊരധികാരവുമില്ലേ? ഉവ്വ്, മന്ത്രിമാർക്ക് ഹർജികളും മെമ്മോറാണ്ടങ്ങളും കൊടുക്കാം; ആവശ്യങ്ങൾക്കുവേണ്ടി പ്രക്ഷോഭങ്ങൾ കൂട്ടാം; സമരങ്ങൾ പോലും നടത്താം. പക്ഷേ, ഭരണനിർവ്വഹണത്തിൽ അവർക്ക് പങ്കൊന്നുമില്ല. അഞ്ചുകൊല്ലങ്ങൾക്കു ശേഷം പുതിയൊരു തിരഞ്ഞെടുപ്പുണ്ടാകുന്നതുവരെ ഇതുകൊണ്ടൊക്കെ തൃപ്തിപ്പെടണം. അപ്പോൾ, സർവ്വപ്രധാനമായ പ്രശ്നം ഇന്നത്തെ ഭരണയന്ത്രത്തെ കൂടുതൽ ജനാധിപത്യപരമാക്കുന്നതെങ്ങിനെയെന്നതാണ്; അടിമുതൽ മുടിവരെ, ഭരണനിർവ്വഹണത്തിന്റെ ഓരോ പടവിലും, ജനങ്ങൾക്കു കൂടുതൽ നിയന്ത്രണവും കൂടുതൽ അധികാരവും നൽകുന്നതെങ്ങിനെയെന്നതാണ്; മറ്റൊരുവിധം പറഞ്ഞാൽ, ഭരണകാര്യങ്ങളിൽ ജനങ്ങളെ കൂടുതൽ പങ്കെടുപ്പിയ്ക്കേണ്ടതെങ്ങിനെയെന്നതാണ്.

ഇതു സാധിയ്ക്കണമെങ്കിൽ കേന്ദ്രീകൃതവും മുരടിച്ചതുമായ ഇന്നത്തെ ബ്യൂറോക്രസിയുടെ ചട്ടക്കൂട്ടിൽ മൗലികമായ ചില മാറ്റങ്ങൾ വരുത്തിയേ മതിയാവൂ. വികേന്ദ്രീകരണമായിരിയ്ക്കണം ആ മാറ്റങ്ങളുടെ സത്ത്. എന്തുകൊണ്ടെന്നാൽ, വികേന്ദ്രീകരണത്തിലൂടെ മാത്രമേ ജനാധിപത്യവൽക്കരണം പ്രായോഗികമാവൂ.

അധികാരവികേന്ദ്രീകരണമെന്നുവെച്ചാൽ മന്ത്രിമാരുടേയും ഡിപ്പാർട്ടുമെൻറുകളുടേയും കൈയിൽ കേന്ദ്രീകരിച്ചിട്ടുള്ള അധികാരങ്ങളുടേയും കഴിവുകളുടേയും പ്രവർത്തനങ്ങളുടേയും പ്രധാനഭാഗം വില്ലേജുകളിലേയ്ക്കും ജില്ലകളിലേയ്ക്കും മാറ്റുക എന്നു മാത്രമല്ല അർത്ഥം. പ്രസിഡൻറും ഗവർണ്ണരുംമുതൽ ഐ. എ. എസ്. ഉദ്യോഗസ്ഥനും അംശം ഉദ്യോഗസ്ഥനുംവരെയുള്ള എല്ലാ ഭരണമേധാവികളുടേയും അധികാരങ്ങളെ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ തീരുമാനങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമാക്കുക എന്നു കൂടിയാണ്. ഈ പ്രശ്നത്തെ ധീരമായി നേരിട്ടുകൊണ്ട് ജനാധിപത്യത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും വിപുലീകരിയ്ക്കുകയും ചെയ്യുന്നതിനുപകരം കോൺഗ്രസ്സനേതാക്കന്മാർ കാമ്യൂണിസ്റ്റ്കാരുടെ സേച്ഛാധിപത്യത്തെപ്പറ്റി പ്രസംഗിച്ചുനടക്കുകയാണ്?

വാസ്തവത്തിൽ, സാമൂഹ്യ-സാമ്പത്തിക പരിവർത്തനങ്ങളുടെ കാര്യത്തിലെന്നപോലെത്തന്നെ ഭരണനിർവ്വഹണത്തെ ജനാധിപത്യവൽക്കരിക്കുന്നതിലും പിന്തിരിപ്പൻ താല്പര്യങ്ങളുമായി സന്ധി ചെയ്യുക എന്ന നയമാണ് കോൺഗ്രസ്സനേതൃത്വം തുടർന്നുവരുന്നത്. കോൺഗ്രസ്സനേതൃത്വത്തിന്റെ ഈ സന്ധിനയത്തിന്നെതിരായി പോരാടാതെ ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ കഴിയില്ല.

## 9 ബൂർഷ്വാഭരണകൂടത്തിൽനിന്ന് സോഷ്യലിസ്റ്റ് ഭരണകൂടത്തിലേയ്ക്ക്

ഇന്നത്തെ ഭരണഘടനയ്ക്കു വിധേയമായിക്കൊണ്ടുള്ള ജനാധിപത്യവൽക്കരണം ഒരാരംഭം മാത്രമാണ്. എന്തുകൊണ്ടെന്നാൽ, ജനകീയപ്രസ്ഥാനം ശക്തിപ്പെടുകയും വിദേശമുതലാളികൾ, നാടുവാഴികൾ, കുത്തകമുതലാളികൾ തുടങ്ങിയ സ്ഥാപിതതാല്പര്യങ്ങളുടെ അടിത്തറ തകർക്കപ്പെടുകയും ചെയ്യുന്നതോടുകൂടി ഭരണഘടനയിൽത്തന്നെ മാറ്റങ്ങളാവശ്യമായിവരും. മുതലാളിത്തത്തിന്റെ സ്വകാര്യസ്വത്തുടമയ്ക്കു സംരക്ഷണം നൽകുന്ന ഭരണഘടനയുടെ സ്ഥാനത്ത് ഉൽപ്പാദനോപകരണങ്ങളുടെ മേലുള്ള പൊതുവുടമാവകാശത്തെ കാത്തുരക്ഷിയ്ക്കാൻ പറ്റിയ ഭരണഘടനയാവശ്യമായിത്തീരും. മറ്റൊരുവിധം പറഞ്ഞാൽ മുതലാളിത്തസാമൂഹ്യവ്യവസ്ഥയവസാനിപ്പിച്ച് സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ സ്ഥാപിയ്ക്കപ്പെടുമ്പോൾ മുതലാളിത്തഭരണകൂടമവസാനിപ്പിച്ച് സോഷ്യലിസത്തിന്റെ ഭരണകൂടം ഉയർന്നുവന്നേ മതിയാവൂ.

സാമ്പത്തിക-സാമൂഹ്യരംഗങ്ങളിലെന്നപോലെ ഭരണനിർവ്വഹണത്തിലുമുണ്ടാകേണ്ടിയിരിയ്ക്കുന്ന ഈ മൗലികങ്ങളായ പരിവർത്തനങ്ങളത്രയും സമാധാനപരവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങളിലൂടെ നടപ്പിൽ വരുത്താൻ ഇന്ത്യയിലിന്നു സാദ്ധ്യതയുണ്ടോ? തീർച്ചയായുമുണ്ട്, എന്തുകൊണ്ട്?

ഒന്നാമത്, സാർവ്വദേശീയപരിതഃസ്ഥിതിയിലുണ്ടായ മാറ്റങ്ങൾ ഇന്ത്യയിലും വളരെയധികം പ്രതിഫലിച്ചിട്ടുണ്ട്. സാമ്രാജ്യമേധാവികളുടെ സ്വാധീനശക്തി കുറഞ്ഞുകുറഞ്ഞുവരികയും സോഷ്യലിസ്റ്റ്ചേരിയുടെ സ്വാധീനശക്തി കൂടികൂടിവരികയുമാണ് ചെയ്യുന്നത്. സോഷ്യലിസ്റ്റ്ചേരിയിലെ രാജ്യങ്ങളും ഇന്ത്യയും തമ്മിലുള്ള സാമ്പത്തിക-സാംസ്കാരിബന്ധങ്ങൾ അധികമധികം ശക്തിപ്പെട്ടുവരികയാണ്.

രണ്ടാമത്, സോഷ്യലിസമെന്ന ആശയം ഇന്ത്യയിലെ ബഹുഭൂരിപക്ഷക്കാരായ ജനങ്ങളുടെ ഹൃദയങ്ങളെ വളരെയധികം ആകർഷിച്ചുകഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ ഭരണാധികാരിപ്പാർട്ടിയായ കോൺഗ്രസ്സുപോലും തങ്ങളുടെ ലക്ഷ്യം സോഷ്യലിസമാണെന്നു പ്രഖ്യാപിച്ചുകഴിഞ്ഞിരിയ്ക്കുന്നു. കോൺഗ്രസ്സുമെമ്പർമാരുൾപ്പടെയുള്ള ജനങ്ങളുടെ മനോഭാവത്തിലുണ്ടായ മാറ്റത്തെയാണിത് വെളിപ്പെടുത്തുന്നത്. ഈ സ്ഥിതിഗതികളിൽ സാമ്രാജ്യത്വ-ഫ്യൂഡൽ അവശിഷ്ടങ്ങളെ തുടച്ചുനീക്കിക്കൊണ്ട് സോഷ്യലിസത്തിലേയ്ക്കു മുന്നേറാൻവേണ്ടി ജനങ്ങളെയാകെ യോജിപ്പിച്ചണിനിരത്താനുള്ള സാധ്യത മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്തവിധം വർദ്ധിച്ചിട്ടുണ്ട്.

മൂന്നാമത്, സാമ്രാജ്യത്വഭരണത്തിന്റെ അവശിഷ്ടങ്ങളെന്നോണം ജനാധിപത്യവിരുദ്ധമായ പല സ്ഥാപനങ്ങളും നിയമങ്ങളും മറ്റും നിലനിൽക്കുന്നുണ്ടെങ്കിലും, കോൺഗ്രസ്സുഭരണംതന്നെ പലപ്പോഴും സ്വേച്ഛാധിപത്യപരവും ജനാധിപത്യവിരുദ്ധവുമായ നടപടികൾ കൈക്കൊള്ളുന്നുണ്ടെങ്കിലും, പൊതുവിൽ പറഞ്ഞാൽ, ജനാധിപത്യപരമായ ഒരന്തരീക്ഷമാണ് ഇന്ത്യയിലിന്നുള്ളത്. എന്നല്ല, ജനാധിപത്യപരമായ ഈ അന്തരീക്ഷത്തെ കൂടുതൽ വിപുലമാക്കാനുള്ള സാധ്യതകളുമുണ്ട്.

നാലാമത്, പഞ്ചായത്തു മുതൽ പാർല്ലിമെൻറുവരെയുള്ള സ്ഥാപനങ്ങളിലേക്ക് പ്രായപൂർത്തിവോട്ടവകാശത്തോടുകൂടിയ തിരഞ്ഞെടുപ്പുകളാണ് നടക്കുന്നത്. ഈ തിരഞ്ഞെടുപ്പുകളിലെല്ലാം ജനങ്ങൾ കൂടുതൽ താല്പര്യം കാണിക്കാൻ തുടങ്ങിയിട്ടുമുണ്ട്. പ്രായപൂർത്തിവോട്ടവകാശത്തേയും നിയമസഭകളേയും മർദ്ദകവർഗ്ഗക്കാർക്കെതിരായി തങ്ങളുടെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനുള്ള ജനങ്ങളുടെ ബോധം വളർന്നുവരികയാണ്.

ഈ പരിതഃസ്ഥിതികളെ ശരിയ്ക്കുപയോഗിച്ചുകൊണ്ട് അഭ്യന്തരയുദ്ധംകൂടാതെ, ജനാധിപത്യപരമായി, പാർല്ലിമെണ്ടിന്റെ സഹായത്തോടുകൂടി സമാധാനപരമായും അക്രമരഹിതമായും സാമ്രാജ്യമേധാവിത്വത്തിൻറേയും ഫ്യൂഡലിസത്തിൻറേയും എല്ലാ അവശിഷ്ടങ്ങളേയും തുടച്ചുനീക്കാനും സോഷ്യലിസം കെട്ടിപ്പടുത്തുകൊണ്ട് ജനങ്ങളെ സുഖസംതൃപ്തവും ഭാസുരവുമായ ഒരു ഭാവിയിലേയ്ക്കു നയിക്കാനും സാധിക്കും.

ഈ മഹത്തായ ലക്ഷ്യം നേടാൻവേണ്ടിയാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ഈ ലക്ഷ്യം നേടിക്കഴിഞ്ഞാൽപ്പിന്നെ, അതായത് ഇന്ത്യയിൽ സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ സ്ഥാപിച്ചുകഴിഞ്ഞാൽപ്പിന്നെ, ജനാധിപത്യത്തിന്റെ സ്ഥിതിയെന്താവും? സോഷ്യലിസ്റ്റുവ്യവസ്ഥയിൽ ജനാധിപത്യമുണ്ടാകുമോ? അതോ ചില കോൺഗ്രസ്സുനേതാക്കന്മാരും ചില പി. എസ്. പി. നേതാക്കന്മാരും ഇമ്പാച്ചിപ്പേടി കാണിക്കുന്നതുപോലെ കമ്മ്യൂണിസ്റ്റ് പാർട്ടി സ്വേച്ഛാധിപത്യം നടപ്പിൽവരുത്തുമോ?

ഒരിക്കലുമില്ല. എന്തെന്നാൽ, ലെനിൻ വ്യക്തമാക്കിയിട്ടുള്ളതുപോലെ, ബൂർഷ്വാവ്യവസ്ഥയിലനുവദിയ്ക്കപ്പെട്ടിട്ടുള്ള പരിമിതമായ ജനാധിപത്യസ്വാതന്ത്ര്യങ്ങളെ നശിപ്പിക്കാനോ വെട്ടിക്കുറയ്ക്കാനോ അല്ല, നേരെമറിച്ച്, കൂടുതൽ വിപുലവും യഥാർത്ഥവുമാക്കാനാണ്, എന്നുവെച്ചാൽ, സോഷ്യലിസ്റ്റു ജനാധിപത്യം സ്ഥാപിക്കാനാണ്, കമ്മ്യൂണിസ്റ്റുപാർട്ടി നിലകൊള്ളുന്നത്.

ഇരിയ്ക്കട്ടെ, കമ്മ്യൂണിസ്റ്റു പാർട്ടി വിഭാവനം ചെയ്യുന്ന സോഷ്യലിസ്റ്റുജനാധിപത്യത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിയ്ക്കെന്നപോലെത്തന്നെ മറ്റു പാർട്ടികൾക്കും പ്രവർത്തനസ്വാതന്ത്ര്യമനുവദിയ്ക്കപ്പെടുമോ? തീർച്ചയായും. പക്ഷേ, ഒന്നുണ്ട്: ആ പ്രവർത്തനങ്ങൾ ഭരണഘടനയ്ക്കെതിരാവാൻ പാടില്ല; ഉല്പാദനോപകരണങ്ങളുടെ പൊതുവുടമയേയും സോഷ്യലിസ്റ്റ് നിർമ്മാണത്തേയും കാത്തുരക്ഷിക്കാനും ശക്തിപ്പെടുത്താനുമുള്ള സോഷ്യലിസ്റ്റ് ഭരണഘടനയ്ക്കു വിധേയമായിരിയ്ക്കണം.

റഷ്യയിൽ ബൂർഷ്വാ ഭരണകൂടത്തെ പരിപൂർണ്ണമായും തട്ടിത്തകർത്തുകൊണ്ടാണ് ഒക്ടോബർ വിപ്ലവം വിജയിച്ചത്. ചെക്കോസ്ലോവാക്കിയ, റുമേനിയ, ബൾഗേരിയ മുതലായ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ ബൂർഷ്വാ ഭരണകൂടം ഒറ്റയടിക്ക് തകർക്കപ്പെടുകയുണ്ടായില്ല. വിദേശീയമേധാവിത്വത്തേയും നാടുവാഴിവ്യവസ്ഥയേയും തുടച്ചുനീക്കിയതിന്നുശേഷം ഭരണകൂടത്തിന്റെ രൂപത്തിലും ഘടനയിലും പല മാറ്റങ്ങളും വരുത്തിക്കൊണ്ട് മെല്ലെമെല്ലെയാണ് തൊഴിലാളിവർഗ്ഗത്തിന്റെ അധികാരമുറപ്പിയ്ക്കപ്പെട്ടത്. ചൈനയിലാണെങ്കിൽ റഷ്യയുടേതിൽനിന്നു മാത്രമല്ല, യൂറോപ്യൻരാജ്യങ്ങളുടേതിൽനിന്നും വ്യത്യസ്തമായ രൂപങ്ങളും മാർഗ്ഗങ്ങളുമാണ് സ്വീകരിയ്ക്കപ്പെട്ടത്. ഭരണകൂടത്തിന്റെ പഴയ രൂപങ്ങളേയും ഘടനയേയും ബലംപ്രയോഗിച്ച് തച്ചുതകർക്കാതെതന്നെ അവയുടെ ഉള്ളടക്കത്തിൽ പുതിയ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ബൂർഷ്വാഭരണമവസാനിപ്പിച്ച് തൊഴിലാളികർഷകഭരണം സ്ഥാപിയ്ക്കാൻ കഴിയുമെന്നാണിതെല്ലാം കാണിയ്ക്കുന്നത്.

ചരിത്രപരമായി നോക്കുമ്പോൾ, ബൂർഷ്വാഭരണയന്ത്രത്തോട് വ്യത്യസ്തങ്ങളായ മൂന്നു സമീപനരീതികൾ സ്വീകരിയ്ക്കപ്പെട്ടിട്ടുണ്ടെന്നു കാണാം:

ഒന്ന്: ബൂർഷ്വാഭരണകൂടത്തെ ബലാൽക്കാരമായി തട്ടിത്തകർത്തുകൊണ്ട് തൊഴിലാളിവർഗ്ഗസർവ്വാധിപത്യം സ്ഥാപിയ്ക്കുക. ഇതാണ് പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും മാർക്സിസുകാർ അനുവർത്തിച്ചുപോന്നനയം.

രണ്ട്: ബൂർഷ്വാ ഭരണകൂടത്തെ ഉപയോഗിക്കുക — ഇതാണ് മിതവാദികളും അവസരവാദികളുമായ സോഷ്യലിസ്റ്റ് നേതാക്കന്മാർ അനുവർത്തിച്ചപോന്ന നയം. തൊഴിലാളിവർഗ്ഗത്തിന്റെ പ്രതിനിധികൾ തിരഞ്ഞെടുപ്പിലൂടെ ഗവൺമെൻറു രൂപീകരിയ്ക്കുന്നതിനാണ് അവർ ജനാധിപത്യ സോഷ്യലിസം എന്നു പേരിട്ടത്. ഇംഗ്ലണ്ടിലെ ലേബർപാർട്ടിയുടെ നയം ഇതിന്നുദാഹരണമാണ്.

മൂന്ന്: ബൂർഷ്വാ ഭരണകൂടത്തെ സമാധാനപരമായി പടിപടിയായി മാറ്റിക്കൊണ്ട് തൊഴിലാളിസർവ്വാധിപത്യം സ്ഥാപിയ്ക്കുക — ഇതിന്നുള്ള സാധ്യതകളാണ് രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്നുണ്ടായ സംഭവവികാസങ്ങളിലൂടെ തെളിഞ്ഞുവന്നിട്ടുള്ളത്.

## 10 ഇന്ത്യയുടെ അടിയന്തിര കടമ

എന്നാൽ, ഇന്ത്യയിൽ ഇന്നത്തെ അടിയന്തരകടമ ബൂർഷ്വാഭരണത്തെ മാറ്റി തൊഴിലാളിവർഗ്ഗത്തിന്റെ ഭരണകൂടം സ്ഥാപിയ്ക്കുക എന്നതല്ല. പിന്നെയോ, സ്വതന്ത്രമായ സാമ്പത്തിക വ്യവസ്ഥയുടെ വളർച്ചയെ ത്വരിതപ്പെടുത്താൻ പറ്റിയതരത്തിൽ ഭരണസമ്പ്രദായത്തെ കൂടുതൽ ജനാധിപത്യപരമാക്കുക എന്നതാണ്. കാരണം, ഇന്ത്യയുടെ സാമൂഹ്യവ്യവസ്ഥയിലെ ഇന്നത്തെ ഏറ്റവും പ്രധാനമായ വൈരുദ്ധ്യം തൊഴിലാളിമുതലാളി വൈരുദ്ധ്യമല്ല ഇന്ത്യൻ ജനതയും കൊളോണിയൽ അവശിഷ്ടങ്ങളും തമ്മിലുള്ള വൈരുദ്ധ്യമാണ്. ഈ പ്രധാന വൈരുദ്ധ്യത്തെ പരിഹരിച്ചുകൊണ്ടുമാത്രമേ തൊഴിലാളി മുതലാളി വൈരുധ്യത്തിന്നു പരിഹാരം കാണാനും സോഷ്യലിസം സ്ഥാപിയ്ക്കാനും സാധിയ്ക്കുകയുള്ളൂ.

ചൈനയിൽ കാൽനൂറ്റാണ്ടോളം കാലം ഇടവിടാതെ തുടർന്നുപോന്ന അഭ്യന്തരയുദ്ധങ്ങളിലൂടെയും ആയുധമേന്തിയ കലാപത്തിലൂടെയും സാമ്രാജ്യത്വഫ്യൂഡൽബന്ധങ്ങളെ തട്ടിത്തകർത്തതിന്നുശേഷമാണ് തൊഴിലാളിവർഗ്ഗത്തിന്ന് സമാധാനപരമായി ബൂർഷ്വാ സ്വത്തുടമബന്ധങ്ങളവസാനിപ്പിച്ച് സോഷ്യലിസം കെട്ടിപ്പടുക്കാൻ കഴിഞ്ഞത്. ഇന്ത്യയുടെ സ്ഥിതി വ്യത്യസ്തമാണ്. എന്തുകൊണ്ടെന്നാൽ, സ്വാതന്ത്ര്യസമ്പാദനത്തോടുകൂടി നമ്മുടെ സാമ്പത്തികസാമൂഹ്യരംഗങ്ങളിൽനിന്ന് വിദേശമൂലധനത്തിൻറേയും നാടുവാഴിമേധാവിത്വത്തിൻറേയും പിടി പൂർണ്ണമായി തട്ടിനീക്കപ്പെടുകയുണ്ടായില്ല. അതുകൊണ്ട് സമാധാനപരവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങളിലൂടെ കൊളോണിയലിസത്തിൻറേയും നാടുവാഴിമേധാവിത്വത്തിൻറേയും അവശിഷ്ടങ്ങളെ തുടച്ചുനീക്കിക്കൊണ്ട് സ്വതന്ത്രമായ ഒരു സാമ്പത്തിക വ്യവസ്ഥയും അതിന്നനുസൃതമായ ഭരണവ്യവസ്ഥയും കെട്ടിപ്പടുക്കുക എന്നതാണ് ഇന്ത്യയെ അഭിമുഖീകരിയ്ക്കുന്ന പ്രശ്നം. സ്വതന്ത്രമായ സാമ്പത്തികവ്യവസ്ഥയും അതിനനുസൃതമായ ഭരണവ്യവസ്ഥയും എത്രത്തോളം വേഗത്തിൽ കെട്ടിപ്പടുക്കാൻ കഴിയുമോ അത്രത്തോളം വേഗത്തിലാണ് സോഷ്യലിസത്തിലേയ്ക്കു മുന്നേറാൻ സാധിയ്ക്കുക.

ഈ കടമ നിർവ്വഹിക്കാൻ കഴിയണമെങ്കിൽ അടിയന്തരമായി താഴെ പറയുന്ന കാര്യങ്ങളിലേയ്ക്ക് എല്ലാ ശ്രദ്ധയേയും തിരിച്ചുവിടണം:

ഒന്ന്: ജനാധിപത്യത്തിലും പുരോഗതിയിലും വിശ്വസിക്കുന്ന ജനങ്ങളുടെയിടയിലുള്ള അനൈക്യവും വിടവുകളും നികത്തുക. ഇന്ത്യയുടെ ദേശീയസാമ്പത്തികവ്യവസ്ഥയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും സമാധാനത്തേയും സ്വാതന്ത്ര്യത്തേയും കാത്തുരക്ഷിക്കുന്നതിനും ജനങ്ങളുടെ ജീവിതത്തോതുയർത്തുന്നതിന്നും വേണ്ടി ഏറ്റവും വിപുലമായ ദേശീയൈക്യം കെട്ടിപ്പടുക്കുക.

രണ്ട്: രാജ്യത്തിലെ മുഴുവൻ ജനങ്ങളേയും യോജിപ്പിച്ചണിനിരത്താൻ കഴിവുണ്ടാകത്തക്കവിധത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ ഐക്യം കെട്ടിപ്പടുക്കുക.

മൂന്ന്: രാജ്യത്തിന്റെ അഭിവൃദ്ധിയ്ക്കും ജനങ്ങളുടെ ജീവിതാവശ്യങ്ങൾക്കും കൂടുതൽ വിപുലമായ ജനാധിപത്യാവശ്യങ്ങൾക്കും വേണ്ടിയുള്ള ബഹുജനപ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുകയും ബഹുജനപ്രക്ഷോഭങ്ങൾ സംഘടിപ്പിയ്ക്കുകയും ചെയ്യുക.

നാല്: സാമൂഹ്യസാമ്പത്തികരംഗങ്ങളിലും ഭരണകാര്യങ്ങളിലും ബൂർഷ്വാസി നിലനിർത്തിപ്പോരുന്ന മേധാവിത്വത്തെ പടിപടിയായി തട്ടിമാറ്റുകയും അതിന്റെ സ്ഥാനത്ത് തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വമുറപ്പിയ്ക്കുകയും ചെയ്യുക.

അഞ്ച്: ഈ അടിയന്തരകാര്യങ്ങൾ നിർവ്വഹിയ്ക്കാൻവേണ്ടി മുൻകൈയെടുത്തു പ്രവർത്തിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയെ കൂടുതൽ കൂടുതൽ ശക്തിപ്പെടുത്തുക.

കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്കു നേടാൻ കഴിഞ്ഞ വമ്പിച്ച വിജയങ്ങൾ ഈ കടമകൾ വിജയകരമാംവിധം നിർവ്വഹിക്കാനുള്ള സാധ്യതകളെ അപൂർവ്വമാംവിധം വളർത്തിയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 9

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം
2. കേരളത്തിന്റെ സാമ്പത്തികഭദ്രത
3. പണമിറക്കാൻ ഗവർമ്മെണ്ട്, ലാഭം തട്ടാൻ മുതലാളി!
4. വിദ്യാഭ്യാസത്തിന്റെ നേരെ
5. രണ്ടു കൊല്ലങ്ങൾ
6. ഇടപെടൽ
7. പതിനൊന്നാംവകുപ്പും സംവരണവും
8. പുതിയ മന്ത്രിസഭ
9. കമ്യൂണിസ്റ്റ് വിരുദ്ധശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല
10. കർഷകസമരം
11. സാമുദായിക ലഹളകളുടെ പാഠം
12. ഗോവ വിമോചനം—അഭിനന്ദനങ്ങൾ!
13. ഇന്ത്യയും സോഷ്യലിസവും
14. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ
15. കോൺഗ്രസ്സിന്റെ സോഷ്യലിസം
16. സോഷ്യലിസത്തിലേയ്ക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ
17. സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം
18. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം
19. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്
20. യൂട്ടോപ്യ
21. ഫാസിസം
22. ഫ്രഞ്ചു വിപ്ലവം
23. സോവിയറ്റ് ചൈന
24. മദ്ധ്യധരണ്യാഴിയിലെ വടംവലി
25. ജയിലിന്റെ മനശ്ശാസ്ത്രം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014